കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണവകുപ്പ് - പഞ്ചായത്ത് വകുപ്പിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്കും നിലവിൽ പന്തളം നഗരസഭയിലെ സീനിയർ ക്ലാർക്കുമായ ശ്രീ. ബി. ദിലീപ് കുമാർ സമർപ്പിച്ച OA (EKM) 331/15 നമ്പർ കേസ്സിൻമേൽ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 18.05.2016 ന് പുറപ്പെടുവിച്ച ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു

---

## തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്

**സ.ഉ(സാധാ)നം.3041/2016/തസ്വഭവ തീയതി, തിരുവനന്തപുരം,14/11/2016**

---

പരാമർശം: 1. ശ്രീ. ബി. ദിലീപ് കുമാർ സമർപ്പിച്ച OA (EKM) 331/15 നമ്പർ കേസ്സിൻമേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 18.05.2016-ലെ ഉത്തരവ്.

2. അഡ്വക്കേറ്റ് ജനറലിന്റെ 26.05.2016-ലെ B1-OA(EKM)331/15/AGO നമ്പർ കത്ത്.

## <u>ഉത്തരവ്</u>

പഞ്ചായത്ത് വകുപ്പിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്കും നിലവിൽ പന്തളം നഗരസഭയിലെ സീനിയർ ക്ലാർക്കുമായ ശ്രീ. ബി. ദിലീപ് കുമാർ സമർപ്പിച്ച OA (EKM) 331/15 നമ്പർ അപേക്ഷയിന്മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ആയത് പ്രകാരം ഒന്നാം എതിർ കക്ഷി (തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി) അനക്സർ MA4 പരിശോധിച്ച്, അപേക്ഷകനെ നേരിൽ കേട്ട് ഉത്തരവ് ലഭിക്കുന്ന തീയതി മുതൽ 3 മാസത്തിനുള്ളിൽ തീർപ്പാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി. മായ. എം എന്നയാൾക്ക് സ്ഥാനക്കയറ്റം ലഭിച്ച 11.02.2010 മുതൽ ശ്രീ. ബി. ദിലീപ് കുമാറിന്റെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റിയും ശമ്പളവും ടിയാൾക്ക് തൊട്ടുമുന്നിലായി പുനഃക്രമീകരിച്ച് നൽകണമെന്ന് അനക്സർ MA4 -ൽ അഭ്യർത്ഥിക്കുകയുണ്ടായി.

3. ശ്രീ. ബി. ദിലീപ് കുമാറിനെ 29.07.2016-ൽ നേരിൽ കേൾക്കുകയുണ്ടായി. 06.06.2006-ൽ സർവ്വീസിൽ എൽ.ഡി.സി ആയി പ്രവേശിച്ച ടിയാൻ 14.07.2009-ൽ എം.ഒ.പി പാസ്സാകുകയും,. ജനുവരി 2010-ൽ എല്ലാ ടെസ്റ്റുകളും പാസ്സായതിനെതുടർന്ന് 14.07.2009-ൽ പ്രൊബേഷൻ

ഡിക്ലയർ ചെയ്യുകയും ചെയ്തുവെന്നും ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് 25.01.2010-ൽ പാസ്സായതിനെ തുടർന്ന് യു.ഡി.സി ആയി 07.07.2012-ൽ പ്രൊമോഷൻ ആയെന്നുമുള്ള വിവരങ്ങൾ അപേക്ഷകൻ നേർ വിചാരണ സമയത്ത് അറിയിയ്ക്കുകയുണ്ടായി.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ബി. ദിലീപ് കുമാറിന്റെ സീനിയോറിറ്റി, ശ്രീമതി. മായ. എം എന്നയാൾക്ക് സ്ഥാനക്കയറ്റം ലഭിച്ച 11.02.2010 മുതൽ ടിയാന്റെ സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയോറിറ്റിയും ശമ്പളവും ടിയാൾക്ക് തൊട്ടുമുന്നിലായി പുനഃക്രമീകരിച്ച് നൽകണമെന്ന ആവശ്യം പഞ്ചായത്ത് ഡയറക്ടർ 20.09.2013-ലെ ഇ 5-27230/2013 ഉത്തരവ് പ്രകാരം നിരസിച്ചിട്ടുള്ളതാണ്. ടിയാൻ പ്രസ്തുത ഉത്തരവ് പുനഃപരിശോധിക്കേണ്ട വിധത്തിലുള്ള വാദങ്ങളൊന്നും ഹിയറിംഗ് വേളയിൽ പറഞ്ഞിട്ടില്ല എന്നതിനാൽ ടിയാൻ അനക്സർ MA4 പ്രകാരം ഉന്നയിച്ച ആവശ്യം നിരസിയ്ക്കുന്നു.

പരാമർശം 1 പ്രകാരമുള്ള ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 18.05.2016 ലെ ഉത്തരവ് നടപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമേശൻ.എം.കെ**
ഗവ. ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ശ്രീ. ബി. ദിലീപ് കുമാർ, ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ മുൻ സീനിയർ ക്ലാർക്ക് (നിലവിൽ പന്തളം നഗരസഭയിലെ സീനിയർ ക്ലാർക്ക്) (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
ഡയറക്ടർ, ഐ.കെ.എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിന് ).
കരുതൽ ഫയൽ / ആഫീസ് പകർപ്പ് (EPA1/127/15/LSGD നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ